**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 149** **29-09-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കേരള നിയമസഭ പാസ്സാക്കിയ "കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് 2021", മത്സ്യ സംഭരണവും വിപണനവും ലേലവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത ആക്ടിലെ 4-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരം വിജ്ഞാപനം വഴി നോട്ടിഫൈ ചെയ്തിട്ടുള്ള ലാന്റിംഗ് സെന്റർ, മാർക്കറ്റ്, ഹാർബർ എന്നിവിടങ്ങളിൽ കൂടിയല്ലാതെ മത്സ്യലേലം നടത്തുവാൻ പാടുള്ളതല്ല. എന്നാൽ ലേലത്തിലൂടെയല്ലാതെ മത്സ്യ ത്തൊഴിലാളികൾക്ക് നേരിട്ട് മത്സ്യവിപണനം നടത്തുന്നതിന് തടസ്സമില്ല. അതിനാൽ തന്നെ പ്രസ്തുത നിയമം നടപ്പിലാക്കുന്നതിലൂടെ ലേലത്തിലെ തെറ്റായ പ്രവണതകൾ നിയന്ത്രിക്കുന്നതിനോടൊപ്പം മത്സ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും സാധ്യമാകുന്നതാണ്.<br><br>ഗുണനിലവാരമുള്ള മത്സ്യം ന്യായമായ വിലയ്ക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ ധനസഹായത്തോടെ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി മത്സ്യഫെഡ് നേരിട്ടും സഹകരണ സംഘങ്ങളും/ബാങ്കുകളുമായി സഹകരിച്ചും 52 ഫിഷ് മാർട്ടുകൾ ആരംഭിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി 14 അന്തിപ്പച്ച ഫിഷറ്റേറിയൻ യൂണിറ്റുകളും (സഞ്ചരിക്കുന്ന മത്സ്യവിപണനശാല) ഓൺലൈൻ മത്സ്യവിപണനവും, വിവിധ സർക്കാർ സ്ഥാപനങ്ങൾ, ഇൻസ്റ്റിറ്റ്യൂഷനുകൾ, ജയിലുകൾ |

| | | | |
|---|---|---|---|
| | | | എന്നിവിടങ്ങളിലേയ്ക്കും മത്സ്യം വിതരണം ചെയ്തു വരുന്നു. |
| (ബി) | സർക്കാർ സഹായത്താൽ എത്ര മത്സ്യ വിപണന യൂണിറ്റുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ഭക്ഷ്യ സുരക്ഷ ഉറപ്പാക്കി ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി എയർ കണ്ടീഷൻ സംവിധാനത്തോടു കൂടിയ 39 ഫിഷ് മാർട്ടുകളും, സഹകരണ ബാങ്ക്/ സഹകരണ സംഘവുമായി ചേർന്നുള്ള 13 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളും വഴി മത്സ്യഫെഡ് മത്സ്യം വിപണനം ചെയ്തുവരുന്നു. |
| (സി) | ഇത്തരം യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇവയെല്ലാം ഒരുമിപ്പിച്ച് ഒരു വിപണന ശൃംഖലയും മത്സ്യത്തൊഴിലാളികൾക്ക് ന്യായവിലയും ഉപഭോക്താക്കൾക്ക് ഗുണമേന്മയും ഉറപ്പാക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കുവാൻ ലക്ഷ്യമിടുന്നുണ്ടെന്ന് വിശദമാക്കാമോ? | (സി) | ഗുണമേന്മ നഷ്ടപ്പെടാതെ ഗുണഭോക്താക്കൾക്ക് മത്സ്യം എത്തിക്കുന്നതിനായി വിവിധ ജില്ലകളിലായി Coast to Market പദ്ധതിയുടെ ഭാഗമായി 9 മത്സ്യ സംഭരണ കേന്ദ്രങ്ങൾ (Base Stations) മത്സ്യഫെഡ് വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുണ്ട്. ഹാർബർ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, അംഗീകൃത ഏജൻസികൾ തുടങ്ങിയവ വഴി ഇടനിലക്കാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ഉറപ്പാക്കി അതത് ജില്ലാ ബേസ് സ്റ്റേഷനുകളിൽ മത്സ്യത്തിന്റെ ഗുണമേന്മ പരിശോധിച്ചാണ് സംഭരിക്കുന്നത്. ഫിഷ് മാർട്ടുകളില്ലാത്ത നിയോജക മണ്ഡലങ്ങളിൽ ഫിഷ് മാർട്ടുകൾ/ അന്തിപ്പച്ച യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. കൂടുതൽ മത്സ്യസംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ